**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – മൊറയൂർ ഗ്രാമപഞ്ചായത്ത് - സമഗ്ര കുടിവെള്ള പദ്ധതി സർവ്വേ - പ്രാരംഭ പ്രവർത്തനങ്ങൾക്കായി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് ഡെപ്പോസിറ്റ് ചെയ്യുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 2037/2017/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 19/06/2017

പരാമർശം:- ശ്രീ. പി. ഉബൈദുള്ള എം.എൽ.എ യുടെ 22/05/2017 ലെ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ മൊറയൂർ, പൂക്കോട്ടൂർ, പുൽപ്പറ്റ, തൃക്കലങ്ങോട്, പോരൂർ പഞ്ചായത്തുകളിൽ നടപ്പാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിക്ക് കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ സർവ്വേ നടന്നു വരികയാണെന്നും ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് മൊറയൂർ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് മൂന്നു ലക്ഷം രൂപ ഡെപ്പോസിറ്റ് ചെയ്യുന്നതിനുള്ള യഥേഷ്ടാനുമതി നൽകണമെന്ന് പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ മൊറയൂർ, പൂക്കോട്ടൂർ, പുൽപ്പറ്റ, തൃക്കലങ്ങോട്, പോരൂർ പഞ്ചായത്തുകളിൽ നടപ്പാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിയുടെ സർവ്വേയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി മൊറയൂർ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും മൂന്ന് ലക്ഷം രൂപ ഡെപോസിറ്റ് ചെയ്യുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
സിനി. ജെ. ഷുക്കൂർ
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
പ്രസിഡന്റ്, മൊറയൂർ ഗ്രാമപഞ്ചായത്ത്, മലപ്പുറം
ഡയറക്ടർ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.